(എഫ്) കേന്ദ്ര സംസ്ഥാന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിവരുന്നു. മിതമായ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ ഹാന്റ്ക്സ്, ഹാൻവീവ്, ജില്ലാ നുൽ ബാങ്ക് എന്നിവ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുക, സംഘങ്ങളുടെ പ്രവർത്തന മൂലധനത്തിനായി ഓഹരി പങ്കാളിത്തം അനുവദിക്കുക, ഫാക്ടറി അടിസ്ഥാനത്തിലുള്ള പ്രവർത്തനം പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുക, നെയ്ത്തിലും ഡൈയിംഗിലും ഡിസൈനുകളിലും പരിശീലനം നൽകുക എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീൻദയാൽ കൈത്തറി വികസന പദ്ധതി, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് സ്കീം തുടങ്ങിയവ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ഹെൽത്ത് പാക്കേജ് സ്കീം, കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട്, ഹൗസ്-കം-വർക്ക്ഷെഡ് സ്കീം തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ കൊടുക്കാനുള്ള തുക

147 [2626] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ കൊടുക്കാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; നടപ്പുവർഷത്തിൽ തുക ലഭ്യമാക്കുന്നുണ്ടോ;

(ബി) ഹാന്റ്ക്സിന് സംസ്ഥാന സർക്കാർ കൊടുക്കാനുള്ള റിബേറ്റ്, മറ്റ് ബാക്കി തുകകൾ എന്നിവ എത്ര; ഹാന്റ്ക്സ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള തുക എത്ര; സംഘങ്ങൾ ഏതൊക്കെയാണെന്നും എന്നു കൊടുത്തു തീർക്കുമെന്നും വെളിപ്പെടുത്താമോ;

(സി) കേരളത്തിൽ നിലവിൽ കൈത്തറി സഹകരണസംഘങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ എത്രയെന്നും, തറികൾ എത്രയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ മേഖല നിലനിറുത്തുന്നതിനുള്ള സർക്കാർ പദ്ധതികൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-02 വർഷത്തെ റിബേറ്റ് കുടിശ്ശിക നൽകാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.† ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

(ബി) ഹാന്റ്ക്സിന് 2002-03-ലെ റിബേറ്റിനത്തിൽ 2,10,57,642 രൂപ നൽകാനുണ്ട്. മറ്റു കുടിശ്ശികകൾ ഇല്ല. ഹാന്റ്ക്സ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† തുണിത്തരങ്ങൾ വിറ്റുതീരുന്ന മുറയ്ക്ക് നൽകുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈത്തറി മേഖലയിൽ ഉദ്ദേശം 1,75,000 തൊഴിലാളികൾ പ്രവർത്തിക്കുന്നതായി കണക്കാക്കുന്നു. തറികളുടെ എണ്ണം 58,400 ആണെന്ന് കണക്കാക്കുന്നു.

(ഡി) സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം, പരിശീലന പരിപാടി, ഹാങ്ക്യാൺ സബ്സിഡി തുടങ്ങിയ സംസ്ഥാന പദ്ധതികളും മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ദീൻദയാൽ കൈത്തറി വികസന പദ്ധതി, വിദേശ വിപണി ലക്ഷ്യമാക്കിയുള്ള ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി ഹെൽത്ത് പാക്കേജ് സ്കീം, ഹൗസ്-കം-വർക്കുഷെഡ് സ്കീം തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും നിലവിലുണ്ട്.

വസ്ത്ര നിർമ്മാണ പാർക്ക് കണ്ണൂരിൽ സ്ഥാപിക്കണമെന്ന ആവശ്യം

148 [2628] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെയുള്ള വസ്ത്ര നിർമ്മാണ പാർക്ക് കണ്ണൂരിൽ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാര്യത്തെക്കുറിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) കണ്ണൂർ ജില്ലയിൽ വസ്ത്ര നിർമ്മാണ പാർക്ക് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ബാലികാ സമൃദ്ധി യോജന പദ്ധതി

149 [2629] ശ്രീ. എം.. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട കുടുംബത്തിലെ പെൺകുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ ബാലികാ സമൃദ്ധി യോജന പദ്ധതിയുടെ ഗുണങ്ങൾ കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ബാലികാ സമൃദ്ധി യോജന പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടും അപേക്ഷ സമർപ്പിച്ചവർക്ക് ആനുകൂല്യം ലഭിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly